ഈ സ്ഥലം എല്ലാ മുഖ്യമന്ത്രിമാർക്കും നന്നായി അറിയാവുന്നതാണ്. ഈ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കണം. ഈ പ്രദേശം മന്തു രോഗബാധിതപ്രദേശമായി പ്രഖ്യാപിച്ചതുകൊണ്ട് പ്രശ്നത്തിന് പരിഹാരമാവുകയില്ല. അതുകൊണ്ട് മുഖ്യമന്ത്രി മുൻകയ്യെടുത്ത് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, വെള്ളം കെട്ടിക്കിടക്കുന്നതു മൂലമുള്ള ബുദ്ധിമുട്ടുകൾ ഏതാണ്ട് 40 കൊല്ലമായി അനുഭവപ്പെടുന്ന ഒരു കാര്യമാണ്. അതിനൊരു പരിഹാരം കാണുന്നതിനുവേണ്ടി, ജനപ്രതിനിധികളും മുനിസിപ്പാലിറ്റിയും പഞ്ചായത്തും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി വിളിച്ചുകൂട്ടി പലകാര്യങ്ങളും പരിശോധിച്ച് ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. താൽക്കാലികമായി 2 ലക്ഷം രൂപ മുതൽമുടക്കി ഒരു ശ്രമം നടത്തിയെങ്കിലും അതു വിജയിച്ചില്ല. അവിടെ മറ്റ് ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ആ സ്ഥലം കടൽനിരപ്പിന് താഴെ സ്ഥിതിചെയ്യുന്ന ഒരു സ്ഥലമാണ്. അതുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ അതിനേറെതായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടും. ഇതിന് ശാശ്വതമായ പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്.

(23) നരിപ്പറയിലെ കൊലപാതകം

ശ്രീ. കെ. ടി. കണാരൻ : സർ, കുറ്റ്യാടി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള നരിപ്പറയിൽ നമ്പോടൻ കണ്ടി ഹമീദ് എന്ന ചെറുപ്പക്കാരനെ 1985 മാർച്ച് 25-ാം തീയതി ദാരുണമായി വെട്ടിക്കൊലപ്പെടുത്തി. കൊലപാതകികളെ ഇതുവരെ പോലീസ് പിടികൂടാത്തതിൽ പ്രതിക്ഷേധിച്ച് സർവ്വകക്ഷി ആക്ഷൻ കൗൺസിലിന്റെ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്നലെ (25-3-1986) കുന്നുമ്മൽ നരിപ്പറ പഞ്ചായത്തിൽ ഹർത്താൽ ആചരിക്കുകയും ധർണ നടത്തുകയും ചെയ്തു. പോലീസിന്റെ കുറ്റകരമായ അനാസ്ഥകൊണ്ടാണ് പ്രതികളെ പിടികൂടാത്തത്. അവരെ അറസ്റ്റ് ചെയ്യുന്നതിൽ അലംഭാവം കാണിക്കുകയാണ്. ആക്ഷൻ കമ്മിറ്റിയംഗങ്ങൾ എന്ന നിലയ്ക്ക് ശ്രീ. എ. വി. അബ്ദുറഹിമാൻഹാജിക്കും എനിക്കും കുറ്റവാളികളെ പിടികൂടുന്ന കാര്യത്തിൽ പോലീസ് കാണിക്കുന്ന അനാസ്ഥയിൽ പ്രതിഷേധിച്ച് പ്രത്യക്ഷസമരപരിപാടികളിലേക്ക് നീങ്ങേണ്ടിവരും. ബഹുമാനപ്പെട്ട മന്ത്രി ഇടപ്പെട്ട് കൊലപാതകികളെ പിടികൂടുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിച്ച്, കൊലപാതകികളെ അറസ്റ്റ് ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, കൊലപാതകികളെ കണ്ടുപിടിക്കുന്നതിൽ യാതൊരു വിധത്തിലുള്ള അലംഭാവവും കാണിക്കുന്നില്ല. ഒരു പോലീസുദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. സമരം ചെയ്യാനുള്ള സ്വാതന്ത്ര്യം മെമ്പർക്കുണ്ട്. അതു ചെയ്യുന്നതിൽ വിരോധമില്ല.

(24) നെയ്യാർഡാം പരിസരത്തെ ശുദ്ധജല ദൗർലഭ്യം

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, നെയ്യാറിന്റെ അടിത്തട്ട് വരണ്ടുകഴിഞ്ഞു. നെയ്യാർ ജലസംഭരണിയിൽ വെള്ളം തീരെയില്ല. തിരുവനന്തപുരം, നെയ്യാറിൻകര, നെടുമങ്ങാട് എന്നീ താലൂക്കുകളിലെ കല്ലിയൂർ, നേമം,

LIBRARY ARCHIVES Kerala Legislative Assembly